## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *368** 19.10.2016-ൽ മറുപടിയ്ക്ക്

### ആദിവാസി ജനവിഭാഗത്തിന് ശുചിത്വമുള്ള ജീവിത സാഹചര്യം ഒരുക്കാൻ നടപടി

**ചോദ്യം**
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ. മോൻസ് ജോസഫ്
ശ്രീ. സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ആദിവാസി ജനവിഭാഗത്തിന്റെ ജീവിത മാർഗ്ഗത്തിനായി സർക്കാരിൽ നിന്നു നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗക്കാർക്ക് ജീവിതമാർഗത്തിനായി വിവിധ സ്വയംതൊഴിൽ പദ്ധതികളും മറ്റിതര വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ നൈപുണ്യ വികസന പദ്ധതികളിലൂടെ വിവിധ തൊഴിൽ മേഖലകളിൽ ജോലി നേടുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടികൾ നടത്തിവരുന്നു.<br><br>കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, ആയുഷ്, ടൂറിസം, കുടുംബശ്രീ വകുപ്പുകൾ വഴി വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ സ്വായത്തമാക്കുന്നതിനായി സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, മിൽമ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് |

| | | | |
|---|---|---|---|
| | | | ഇന്ത്യാ ലിമിറ്റഡ്, പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി ജോലി ഉറപ്പാക്കുന്ന പദ്ധതിയും (Placement) നടപ്പിലാക്കി വരുന്നു. വിവിധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കോർപ്പസ് ഫണ്ട്, എസ്.സി.എ ടു ടി.എസ്.പി, ആർട്ടിക്കിൾ 275(1), എ.ടി.എസ്.പി എന്നീ പദ്ധതികൾ വഴി ഓരോ കോളനികളുടെയും പ്രത്യേകതകൾക്ക് അനുസരിച്ച് അനുയോജ്യമായ തൊഴിൽ ദായക പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>വ്യക്തിഗത ധനസഹായം നൽകുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | സർക്കാരിൽ നിന്നു ഉപജീവനത്തിനായി നൽകുന്ന കന്നുകാലികളെയും മറ്റു വളർത്തു മൃഗങ്ങളെയും ഇവർ എപ്രകാരമാണ് പാർപ്പിക്കുന്നതെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ്, മിൽമ പോലുള്ള ഏജൻസികൾ വഴിയും ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകൾ മുഖേനയും കന്നുകാലികളെ വിതരണം ചെയ്യുന്നതോടൊപ്പം കാലിത്തൊഴുത്തും നിർമ്മിച്ച് നൽകി വരുന്നു.<br>ഗുണഭോക്താക്കളുടെ സഹകരണത്തോടെയുള്ള പദ്ധതി ആകയാൽ പരമ്പരാഗതരീതിയിലുള്ള തൊഴുത്ത് നിർമ്മിച്ച് അവർ മൃഗങ്ങളെ പരിപാലിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇവയെ പ്രത്യേകം പാർപ്പിക്കാൻ സൗകര്യമില്ലാത്തതുമൂലം തങ്ങൾ താമസിക്കുന്ന കൂരയ്ക്കു കീഴിൽ തന്നെ അവയെ വളർത്തുന്നതുകൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സത്വരനടപടികൾ സ്വീകരിക്കുമോ? | സി) | വളർത്തുമൃഗങ്ങളെ താമസിക്കുന്ന കൂരയ്ക്ക് കീഴിൽതന്നെ വളർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനു**

വിഷയം: സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിബന്ധനകൾ.

1. ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർ എന്നിവർ അടങ്ങുന്ന സമിതി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതാണ്.

2. തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് മുൻപ് ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടേണ്ടതും നിർദ്ദിഷ്ട കരാറിൽ പദ്ധതിയ്ക്കായി അനുവദിച്ച തുക നിശ്ചിത ആവശ്യത്തിന് തന്നെ വിനിയോഗിക്കുന്നതിനും പദ്ധതിയിൻ കീഴിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് ആർജിക്കുന്ന വസ്തുവകകൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയും അന്യാധീനപ്പെടുത്താതിരിക്കുന്നതിനുള്ള വ്യവസ്ഥയും കൂടി നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

3. അപേക്ഷിച്ചിട്ടുള്ള പ്രോജക്ടുമായി ബന്ധപ്പെട്ട് അംഗീകൃത പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്.

4. പദ്ധതി പ്രവർത്തനം 2015-16 സാമ്പത്തികവർഷം തന്നെ ആരംഭിച്ച് കാര്യക്ഷമമായി പൂർത്തീകരിക്കുമെന്ന് ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

5. പെട്ടിക്കട, ഫോട്ടോകോപ്പിയർ ഷോപ്പ്, തയ്യൽ,ഗാർമെന്റ് മേക്കിംഗ് യൂണിറ്റ് എന്നിവ തുടങ്ങുന്നതിന് ധനസഹായത്തിന് തെരെഞ്ഞെടുക്കപ്പെടുന്നവർ അവരവരുടെ ഉത്തരവാദിത്വത്തിൽ പെട്ടിക്കട/കടമുറികൾ കണ്ടെത്തേണ്ടതും കടയുടമയുമായി വാടക കരാറിൽ ഏർപ്പെടേണ്ടതുമാണ്.

6. കോഴിവളർത്തൽ യൂണിറ്റ്, ആടു വളർത്തൽ യൂണിറ്റ് എന്നിവയ്ക്ക് ധനസഹായത്തിനായി തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് ഏറ്റുവം കുറഞ്ഞത് 10 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം, അല്ലെങ്കിൽ 10 സെന്റ് സ്ഥലം സ്വന്തം ഉത്തരവാദിത്വത്തിൽ പാട്ടത്തിന് എടുക്കേണ്ടതും സ്ഥലം ഉടമയുമായി അതിനുള്ള പാട്ടക്കരാറിൽ ഏർപ്പെടേണ്ടതുമാണ്.

7. ആട്, കോഴി, പശു എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് ഒന്നാമത്തെ പരിഗണനയും അടിയാപണിയാ വിഭാഗങ്ങൾക്ക് രണ്ടാമത്തെ പരിഗണനയും നൽകേണ്ടതാണ്.

8. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർ സമയാസമയങ്ങളിൽ സംരംഭം സന്ദർശിക്കേണ്ടതും പുരോഗതി വിലയിരുത്തേണ്ടതും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതുമാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും എല്ലാ മാസവും ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

9. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പേര്, അനുവദിക്കുന്ന തുക, ഫോട്ടോ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ ബന്ധപ്പെട്ട ഐ.റ്റി.ഡി.പി./ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

## സ്വയംതൊഴിൽ പദ്ധതിക്കായുള്ള നിബന്ധനകൾ

| | | |
|---|---|---|
| വിദ്യാഭ്യാസ യോഗ്യത | - | എസ്.എസ്.എൽ.സി (പി.വി.റ്റി.ജി, മലപണ്ടാരം, പണിയ, അരനാടൻ- 8-ാം ക്ലാസ്സ്) |
| വാർഷിക വരുമാനം | - | 50,000 രൂപ കവിയാതെ |

**പരിഗണിക്കുന്ന പദ്ധതികൾ**

| | | |
|---|---|---|
| 1 | ആട്, പശു, കോഴിവളർത്തൽ | 15000– 50,000 രൂപ വരെ |
| 2 | കച്ചവട സ്ഥാപനങ്ങൾ | 50,000 രൂപ |
| 3 | തയ്യൽക്കട | 10000 രൂപ |
| 4 | ഫോട്ടോഗ്രാഫി | 75,000 രൂപ |
| 5 | പൂകൃഷി | 25000 |
| 6 | കൃഷി ഉപകരണങ്ങൾ | 20,000 രൂപ |
| 7 | തൊഴിൽ ഉപകരണങ്ങൾ (കാർപ്പന്ററി, പ്ലംബ്ബിംഗ്, വെൽഡിംഗ്) | 25,000 രൂപ |
| 8 | കൂട്ട് സംരംഭങ്ങൾ (അക്ഷയ സെന്റർ) | 50,000 രൂപ |
| 9 | കൃഷി | 25,000 |
| 10 | വയറിംഗ് | 25,000 |
| 11 | ബാർബർഷോപ്പ് | 25,000 |
| 12 | ബാംബൂക്രാഫ്റ്റ് | 25,000 |
| 13 | കാൻഡിൽയൂണിറ്റ് | 25000 |
| 14 | ഡക്ക്ഫാം | 20,000 |
| 15 | ഫാബ്രിക്കേഷൻ | 25,000 |
| 16 | ഫിഷ് അക്വാറിയം | 30,000 |

Hari prasad
സെക്ഷൻ ഓഫീസർ